പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 3359 — 24.06.2013– ൽ മറുപടിക്ക്

## ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യവിൽപ്പന ശാലകളിൽ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ വി.ഡി. സതീശൻ<br>ശ്രീ പി.സി. വിഷ്ണുനാഥ് | ശ്രീ.കെ.ബാബു<br>(ബഹു മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷന്റെ വിദേശമദ്യവിൽപ്പന ശാലകളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;<br><br>(ബി) കോർപ്പറേഷൻ ഹെഡ് ഓഫീസും വിൽപ്പനശാലകളുമായി ദൈനം ദിന-സമ്പർക്കം പുലർത്തുന്നതിനായി കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) യും (ബി) യും<br>കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന് കീഴിലുള്ള വെയർ ഹൗസുകളേയും, ചില്ലറ വിൽപ്പന ശാലകളേയും, ഹെഡ് ഓഫീസിനേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ കമ്പ്യൂട്ടർ വൽക്കരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നു. അതിനായി, കമ്പ്യൂട്ടർ വത്കരണം നടത്തുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും ആയത് സർക്കാർ പരിശോധിച്ച് വരികയുമാണ്. |
| (സി) ഇതു സംബന്ധിച്ച് പഠനം നടത്തുവാൻ ഉദ്യോഗസ്ഥ സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (സി) ഇതു സംബന്ധിച്ച് പഠനം നടത്തുവാനായി, ടാക്സസ് സെക്രട്ടറി ചെയർമാനായും KSITM,NIC, IKM, DIS (Finance) എന്നിവയുടെ ഓരോ മെമ്പർമാരെയും ഉൾപ്പെടുത്തി, 4.3.2011 ലെ 165/2011/നി.വ നമ്പർ ഉത്തരവു പ്രകാരം ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ